"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - മലബാർ മേഖലയിലെ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്ലസ് വൺ സീറ്റ് ക്ഷാമം പരിഗണിച്ച് മലപ്പുറം, കാസർഗോഡ് ജില്ലകളിലെ വിവിധ സർക്കാർ സ്കൂളുകളിൽ 2024-25 വർഷത്തിൽ താൽക്കാലികമായി 138 ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ജെ.ആർ)വകുപ്പ്**

സ.ഉ.(കൈ) നം.86/2024/GEDN തീയതി,തിരുവനന്തപുരം, 16-07-2024

പരാമർശം:-
1. സ.ഉ,(കൈ)നം. 75/2016/പൊ.വി.വ, തീയതി 05-04-2016
2. സ.ഉ.(കൈ)നം. 63/2023/പൊ.വി.വ, തീയതി 27-05-2023
3. സ.ഉ,(കൈ)നം. 76/2023/പൊ.വി.വ, തീയതി 12-06-2023
4. സ.ഉ.(കൈ)നം. 77/2023/പൊ.വി.വ, തീയതി 12-06-2023
5. സ.ഉ (കൈ)നം. 106/2023/പൊ.വി.വ, തീയതി 27-07-2023
6. സ.ഉ. (കൈ)നം. 121/2023/പൊ.വി.വ, തീയതി 19-08-2023
7. സ.ഉ. (കൈ)നം. 45/2024/പൊ.വി.വ, തീയതി 08-05-2024
8. ബഹു. ഹൈക്കോടതിയുടെ 24-05-2024 ലെ WP(C)No. 25519/2023 നം. കേസിലെ ഉത്തരവ്
9. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 08-07-2024 ലെ എ.സി.ഡി.സി3/11354/2023/എച്ച്.എസ്.ഇ നമ്പർ കത്തും 08-07-2024 ലെ കുറിപ്പും.

**ഉത്തരവ്**

2023-24 അധ്യയന വർഷം സംസ്ഥാനത്ത് ആകെ 4,25,671 (നാലു ലക്ഷത്തി ഇരുപത്തി അയ്യായിരത്തി അറുനൂറ്റി എഴുപത്തൊന്ന്) വിദ്യാർത്ഥികൾ എസ് എസ്.എൽ.സി പാസായി ഉപരിപഠനത്തിന് യോഗ്യത നേടിയിട്ടുണ്ട്. പ്ലസ് വൺ പഠനത്തിനായി ആകെ 4,33,471 (നാലു ലക്ഷത്തി മുപ്പത്തി മൂവായിരത്തി നാനൂറ്റി എഴുപത്തൊന്ന്) സീറ്റുകൾ മാർജിനൽ സീറ്റ് വർദ്ധനവ് ഉൾപ്പെടെ സർക്കാർ, എയ്ഡഡ് ,അൺ-എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ ലഭ്യമാണ്. സർക്കാർ എയ്ഡഡ് മേഖലയിൽ

3,78,580 (മൂന്നു ലക്ഷത്തി എഴുപത്തി എട്ടായിരത്തി അഞ്ഞൂറ്റി എൺപത് ) സീറ്റുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഈ അക്കാദമിക വർഷം പ്ലസ് വൺ പ്രവേശനത്തിന് സീറ്റ് ക്ഷാമം ഉണ്ടാകാതിരിക്കുന്നതിനായി അലോട്ട്മെന്റുകളുടെ തുടക്കത്തിൽ തന്നെ പരാമർശം(7)-ലെ സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താത്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ആകെ 178 ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30% മാർജിനൽ സീറ്റ് വർദ്ധനവും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20% മാർജിനൽ സീറ്റ് വർദ്ധനവും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകൾക്ക് അധികമായി 10% മാർജിനൽ സീറ്റ് വർദ്ധനവും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. ഹയർ സെക്കണ്ടറി ഒന്നാം വർഷ പ്രവേശനത്തിന്റെ മുഖ്യഘട്ട അലോട്ട്മെന്റുകൾ പൂർത്തീകരിച്ച് കഴിഞ്ഞപ്പോൾ സംസ്ഥാനത്ത് മലപ്പുറം, കാസർഗോഡ് ജില്ലകളിൽ പ്ലസ് വൺ സീറ്റുകളുടെ അപര്യാപ്തത ഉണ്ടെന്ന് പ്രാദേശികമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുകയുണ്ടായി. മലപ്പുറം ജില്ലയിൽ പ്ലസ് വൺ പ്രവേശനത്തിനുള്ള സീറ്റ് പ്രതിസന്ധി സംബന്ധിച്ച് വിദ്യാർത്ഥി സംഘടനകളുടെ പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ നിലവിലുള്ള പ്രത്യേക സാഹചര്യം പരിശോധിച്ച് ഗവ. ഹയർസെക്കൻഡറി സ്കൂളുകളിൽ താൽക്കാലിക അഡീഷണൽ ബാച്ചുകൾ അനുവദിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ ഹയർസെക്കൻഡറി വിഭാഗം അക്കാദമിക് ജോയിന്റ് ഡയറക്ടർ, മലപ്പുറം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തി. മേൽ സമിതി സ്ഥിതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ സ്ഥിതി കണ്ണൂർ ഉപമേധാവിയും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റിന് ലഭിച്ച അപേക്ഷകളും ലഭ്യമായ സീറ്റുകളും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം, കാസർഗോഡ് ജില്ലകളിലെ വിവിധ താലൂക്കുകളിൽ താൽക്കാലിക അധിക ബാച്ചുകൾ അടിയന്തിരമായി അനുവദിക്കുന്നത് ഉചിതമാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ഇതോടൊപ്പം തന്നെ പരാമർശം (8) കോടതി ഉത്തരവിലെ നിർദ്ദേശത്തിനനുസൃതമായി 5.4.2016-ലെ സ.ഉ(കൈ) നം. 75/2016/പൊവിവ പ്രകാരം രൂപീകരിച്ച 2024-25 വർഷത്തെ ഹയർ സെക്കന്ററി മേഖലയിലെ വിദ്യാഭ്യാസ ആവശ്യകത സംബന്ധിച്ച സംസ്ഥാന തല സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി സമിതി ചുവടെ പറയുന്ന ശുപാർശകൾ സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

1. മലപ്പുറം ജില്ലയിൽ 74 സർക്കാർ സ്കൂളുകളിലായി 120 ഹയർ സെക്കന്ററി താത്കാലിക ബാച്ചുകൾ അനുവദിക്കാവുന്നതാണ്.

2. കാസറഗോഡ് ജില്ലയിൽ 18 സർക്കാർ സ്കൂളുകളിലായി 18 താത്കാലിക ബാച്ചുകൾ അനുവദിക്കാവുന്നതാണ്.

4. സംസ്ഥാനതല സമിതി എയ്ഡഡ് സ്കൂളുകളിൽ ബാച്ച് അനുവദിക്കാൻ ശുപാർശ ചെയ്തിട്ടില്ല. സർക്കാർ സ്കൂളുകളിൽ ബാച്ച് അനുവദിക്കുന്നതിനാണ് ശുപാർശ ചെയ്തിരിക്കുന്നത്. അതിനാൽ 5.4.2016-ലെ സ.ഉ(കൈ) നം. 75/2016/പൊവിവ ഉത്തരവിലെ വ്യവസ്ഥ പ്രകാരം സർക്കാർ തലത്തിൽ എയ്ഡഡ് സ്കൂളുകളിൽ നിന്നും അപേക്ഷ ക്ഷണിക്കേണ്ട ആവശ്യകതയില്ല . കൂടാതെ സർക്കാർ വിദ്യാർത്ഥി സംഘടനകളുമായി നടത്തിയ ചർച്ചയിലും പുതിയ ബാച്ചുകൾ അനുവദിക്കേണ്ടി വരുമ്പോൾ അത് സർക്കാർ സ്കൂളുകളിൽ മാത്രമായിരിക്കും അനുവദിക്കുക എന്ന് തീരുമാനമായിരുന്നു.

5. ചുവടെ പറയും പ്രകാരം താൽക്കാലിക ബാച്ചുകൾ അനുവദിക്കുന്നത് ഉചിതമാണെന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തു. ഹ്യുമാനിറ്റിസ് കോമ്പിനേഷനിൽ 59 ബാച്ചുകളും കൊമേഴ്സ് കോമ്പിനേഷനിൽ 61 ബാച്ചുകളും കൂടി ആകെ 120 താൽക്കാലിക ബാച്ചുകൾ മലപ്പുറം ജില്ലയിൽ അനുവദിക്കുന്നത് നിലവിലെ സീറ്റ് ക്ഷാമം പരിഹരിക്കാൻ ഉതകുന്നതാണ്. മലപ്പുറം ജില്ലയ്ക്ക് പുറമെ കാസർഗോഡ് ജില്ലയിലും സീറ്റിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ഒരു സയൻസ് കോമ്പിനേഷനും 4 ഹ്യുമാനിറ്റീസ് ബാച്ചുകളും 13 കൊമേഴ്സ് കോമ്പിനേഷനുകളും ഉൾപ്പടെ ആകെ 18 താൽക്കാലിക ബാച്ചുകൾ അനുവദിക്കുന്നതും ഉചിതമാണ്.

6. മലപ്പുറം ജില്ലയിലും കാസർഗോഡ് ജില്ലയിലുമായി ആകെ 138 താൽക്കാലിക ബാച്ചുകൾ അനുവദിക്കുന്നതിന് ഒരു വർഷം 14,90,40,000/- രൂപ (പതിനാല് കോടി തൊണ്ണൂറ് ലക്ഷത്തി നാൽപതിനായിരം രൂപ)-യുടെ അധിക സാമ്പത്തിക ബാധ്യത പ്രതീക്ഷിക്കുന്നു.

7. സർക്കാർ ഇക്കാര്യം പരിശോധിച്ചു. സംസ്ഥാനത്തെ 2024-25 അധ്യയന വർഷത്തിലെ പ്ലസ് വൺ പ്രവേശനത്തിന് ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് ഉൾപ്പെടെയുള്ള മുഖ്യ അലോട്ട്മെന്റുകൾ കഴിഞ്ഞപ്പോഴും പ്രവേശനം ലഭിക്കാത്ത മലപ്പുറം, കാസർഗോഡ് ജില്ലകളിലെ വിദ്യാർത്ഥികളുടെ പ്ലസ് വൺ പ്രവേശനത്തിനായി പ്രസ്തുത ജില്ലകളിലെ സർക്കാർ സ്കൂളുകളിൽ 2024-25 അധ്യയന വർഷത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്ന പ്രകാരം 138 താൽക്കാലിക പ്ലസ് വൺ ബാച്ചുകൾ കൂടി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ വർഷത്തെ പ്രവേശന നടപടികൾ

അവസാനിക്കുമ്പോൾ താൽക്കാലികമായി അനുവദിച്ച ഏതെങ്കിലും ബാച്ചിൽ മതിയായ എണ്ണം വിദ്യാർത്ഥികൾ പ്രവേശനം നേടാത്ത സാഹചര്യമുണ്ടെങ്കിൽ അത്തരം ബാച്ചുകൾ റദ്ദ് ചെയ്യേണ്ടതും ആ ബാച്ചിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെ അതേ സ്കൂളിലെ സമാന ബാച്ചിലോ അല്ലെങ്കിൽ സമീപത്തുള്ള സ്കൂളുകളിലെ സമാന ബാച്ചിലേക്കോ മാറ്റേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, (ഹയർ സെക്കന്ററി വിഭാഗം),തിരുവനന്തപുരം. എല്ലാ ഹയർ സെക്കന്ററി മേഖല ഉപമേധാവികൾക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്കും. (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതുഭരണ (എസ്.സി)വകുപ്പ് ( 11.7.2024 തീയതിയിലെ ഇനം നമ്പർ. 2271 പ്രകാരം)
ധനകാര്യ വകുപ്പ്
ഡയറക്ടർ, വിവരപൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും

ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
N K Sheena
Date: 17-07-2024 10:29:57
സെക്ഷൻ ഓഫീസർ

പകർപ്പ്:-
1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ബഹു. പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.-യ്ക്ക്

# അനുബന്ധം

## അധിക ബാച്ചുകൾ അനുവദിക്കുന്ന സ്കൂളുകളുടെ ലിസ്റ്റ്

| Sl. No. | District Name | School Code | School Name | Course required |
|---|---|---|---|---|
| 1 | Malappuram | 11001 | GOVT. GHSS DOWN HILL , MALAPPURAM | 39 |
| 2 | Malappuram | 11002 | GOVT. HSS PANDIKKAD | 38 |
| 3 | Malappuram | 11010 | GOVT. BOYS HSS MANJERY | 11 |
| 4 | Malappuram | 11019 | GOVT. HSS AREACODE | 11 |
| 5 | Malappuram | 11028 | GOVT.HSS POOKKOTTOOR | 11 |
| 6 | Malappuram | 11121 | GOVT. HSS, MALAPPURAM | 11, 39 |
| 7 | Malappuram | 11122 | GOVT. HSS, IRUMBUZHI | 11, 39 |
| 8 | Malappuram | 11128 | GOVT. T SEETHI HAJI MEMORIAL HSS EDAVANNA | 38 |
| 9 | Malappuram | 11131 | GOVT. VHSS, KIZHUPARAMBA | 11 |
| 10 | Malappuram | 11133 | GOVT. VHSS PULLANNOOR, VALLUVAMBRAM | 39 |
| 11 | Malappuram | 11140 | GHSS NELLIKUTH, MANJERY | 11 |
| 12 | Malappuram | 11158 | GOVT. HSS KARAKUNNU | 11, 39 |
| 13 | Malappuram | 11013 | GOVT. HSS VAZHAKKAD | 39 |
| 14 | Malappuram | 11023 | GOVT. HSS KOTTAPPURAM | 39 |
| 15 | Malappuram | 11025 | GOVT. HSS KUZHIMANNA | 39 |
| 16 | Malappuram | 11130 | GOVT. VHSS OMANNOOR, CHEEKODE | 11 |
| 17 | Malappuram | 11132 | GOVT. VHSS KONDOTTY | 11, 38 |
| 18 | Malappuram | 11141 | GOVT. VHSS, ARIMBRA | 11 |
| 19 | Malappuram | 11144 | GHSS THADATHILPARAMBA, AROOR, OLAVATTUR | 11 |
| 20 | Malappuram | 11239 | GOVT. HSS CHULLIKODE, KUZHIMANNA | 11 |
| 21 | Malappuram | 11235 | GOVT. HIGHER SECONDARY SCHOOL, MUTHUVALLUR | 38 |
| 22 | Malappuram | 11007 | GOVT. VMC HSS WANDOOR | 11 |
| 23 | Malappuram | 11009 | GOVT.HSS MUTHEDATHU | 11 |
| 24 | Malappuram | 11015 | GOVT. HSS THIRUVALI | 11 |
| 25 | Malappuram | 11030 | GOVT. MANAVEDAN HSS NILAMBUR | 11 |
| 26 | Malappuram | 11145 | GOVT. GIRLS HSS WANDOOR | 11 |
| 27 | Malappuram | 11157 | GOVT. HSS VANIYAMBALAM | 39 |
| 28 | Malappuram | 11003 | GOVT. MHSS PERUNTHALMANNA | 11, 39 |
| 29 | Malappuram | 11014 | GOVT. HSS KUNNAKKAVU | 11,39 |
| 30 | Malappuram | 11016 | GOVT. HSS PULAMANTHOLE | 11, 39 |
| 31 | Malappuram | 11024 | GOVT. HSS MANKADA | 39, 11 |

| | | | | |
|---|---|---|---|---|
| 32 | Malappuram | 11029 | GOVT. HSS ANAMANGADU | 39 |
| 33 | Malappuram | 11031 | GOVT. HSS PANG | 11 |
| 34 | Malappuram | 11036 | GOVT. HSS VETTATHUR | 39, 11 |
| 35 | Malappuram | 11123 | GOVT. HSS PATTIKKADU | 11,39 |
| 36 | Malappuram | 11124 | GOVT. GIRLS HSS PERINTHALMANNA | 39, 11 |
| 37 | Malappuram | 11127 | GOVT. HSS KADUNGAPURAM, PUZHAKKATTIRI | 11, 39 |
| 38 | Malappuram | 11138 | GOVT. HSS ALIPARAMBA, PERINTHALMANNA | 11, 39 |
| 39 | Malappuram | 11149 | GOVT. HSS MANKADA, PALLIPPURAM | 11, 39 |
| 40 | Malappuram | 11159 | GOVT. VHSS MAKKARAPARAMBA | 38,11 |
| 41 | Malappuram | 11012 | GOVT. HSS, KOKKUR, MALAPPURAM | 39, 11 |
| 42 | Malappuram | 11018 | GOVT. HSS, MARANCHERY | 38, 11 |
| 43 | Malappuram | 11021 | GOVT. HSS, EDAPPAL, MALAPPURAM | 39, 11 |
| 44 | Malappuram | 11033 | GOVT. HSS, KADANCHERY | 38 |
| 45 | Malappuram | 11035 | PCN GHSS, MOOKKUTHALA | 39 |
| 46 | Malappuram | 11129 | GOVT.HSS, VELIAMCODE | 38 |
| 47 | Malappuram | 11148 | GOVT. HSS, PALAPPETTY | 38 |
| 48 | Malappuram | 11164 | GOVT. HSS, THRIKKAV, PONNANI | 39, 11 |
| 49 | Malappuram | 11165 | KELAPPAN MEMORIAL GOVT. VHSS, THAVANNOOR | 11 |
| 50 | Malappuram | 11006 | GOVT. HSS , THIRURANGADI | 11, 39 |
| 51 | Malappuram | 11020 | GOVT. MODEL HSS, CALICUT UNIVERSITY | 11, 39 (2) |
| 52 | Malappuram | 11022 | GOVT. HSS, OTHUKKUNGAL | 11, 38, 39 |
| 53 | Malappuram | 11134 | GOVT. HSS PERUVALLUR | 11, 39 |
| 54 | Malappuram | 11155 | GOVT. VHSS, VENGARA | 11, 38, 39 |
| 55 | Malappuram | 11156 | GOVT. MODEL VHSS, VENGARA TOWN | 39 |
| 56 | Malappuram | 11160 | GOVT. HSS, PUTHUPARAMBA | 11, 39 |
| 57 | Malappuram | 11004 | DEVDHAR GOVT. HSS, THANUR | 11, 39 |
| 58 | Malappuram | 11005 | GOVT. BOYS HSS, TIRUR, TIRUR P.O | 11, 38 |
| 59 | Malappuram | 11011 | GOVT. RAJAHS HSS, KOTTAKKAL | 11, 37 |
| 60 | Malappuram | 11032 | GOVT. HSS, KATTILANGADI, TANUR | 39, 11 |
| 61 | Malappuram | 11034 | GOVT. HSS, KUTTIPURAM | 39, 11 |
| 62 | Malappuram | 11120 | GOVT. HSS, CHERIYAMUNDAM | 38, 11 |
| 63 | Malappuram | 11125 | GOVT. HSS, NIRAMARUTHOOR | 11, 39 |
| 64 | Malappuram | 11126 | GOVT. HSS, CHETTIYANKINAR | 11, 39 |
| 65 | Malappuram | 11135 | GOVT. HSS, PURATHOOR | 11, 39 |
| 66 | Malappuram | 11136 | GOVT. HSS, EZHUR | 38, 11 |
| 67 | Malappuram | 11142 | GOVT. GIRLS HSS, B.P. ANGADI | 11, 38 |

| | | | | |
|---|---|---|---|---|
| 68 | Malappuram | 11143 | GVHSS, PARAVANNA | 38, 11 |
| 69 | Malappuram | 11150 | GOVT. VHSS, KALPAKANCHERRY | 11, 39 |
| 70 | Malappuram | 11152 | GOVT. HSS, IRIMBILIYAM | 11, 39 |
| 71 | Malappuram | 11154 | GOVT. HSS, MATTUMMAL, ATHAVANAD | 11, 39 |
| 72 | Malappuram | 11162 | GOVT. HSS, PERASSANNOOR | 11, 39, |
| 73 | Malappuram | 11163 | GOVT. REGIONAL FISHERIES TECHNICAL VHSS, THANUR | 39, 11 |
| 74 | Malappuram | 11238 | GOVT. HSS PONMUNDAM NORTH | 38, 11 |
| 75 | Kasargode | 14007 | Govt H.S.S ,Kakkad | 38 |
| 76 | Kasargode | 14009 | Govt H.S.S, Madikkai | 39 |
| 77 | Kasargode | 14049 | Govt. HS.S., Hosdurg | 39 |
| 78 | Kasargode | 14001 | Govt Hss,Cheemeni | 39 |
| 79 | Kasargode | 14005 | Govt Hss,Mogral Puthur | 10 |
| 80 | Kasargode | 14012 | Govt H.S.S, Cherkala | 39 |
| 81 | Kasargode | 14040 | Govt. M. V.H.S.S Thalangara | 38 |
| 82 | Kasargode | 14043 | GOVT. H.S.S, Kasargod | 11 |
| 83 | Kasargode | 14044 | GOVT. H.S.S, Edaneer | 37 |
| 84 | Kasargode | 14047 | GOVT. H.S.S, Padla | 37 |
| 85 | Kasargode | 14057 | Govt. H.S.S, Alampady | 11 |
| 86 | Kasargode | 14058 | Govt. H.S.S, Adhoor | 38 |
| 87 | Kasargode | 14067 | Govt. H.S.S, Shiriya, | 38 |
| 88 | Kasargode | 14004 | Govt H.S.S, Kundankuzhi | 10 |
| 89 | Kasargode | 14014 | Govt H.S.S, PaivalikaNagar, | 1 |
| 90 | Kasargode | 14039 | Govt. H.S.S, Uppala | 37 |
| 91 | Kasargode | 14069 | Govt. H.S.S, Mangalpady | 38 |
| 92 | Kasargode | 14081 | G.H.S.S, Paivalike | 38 |